# സ്നേഹത്തിന്റെ നിത്യതയിലേക്ക് വിളിക്കപ്പെട്ട നല്ല അയൽക്കാരൻ

*കർദിനാൾ മാർ വർക്കി വിതയത്തിൽ*

*എ*ന്നെ സംബന്ധിച്ചിടത്തോളം ഒരു നല്ല അയൽക്കാരന്റെ മരണമാണ് ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിലിന്റെ ദേഹവിയോഗത്തിലൂടെ സംഭവിച്ചത്. അദ്ദേഹവും ഞാനും ഏതാണ്ട് ഒരേ വർഷമാണ് മെത്രാപ്പോലീത്തമാരായി അടുത്തടുത്ത് താമസമാക്കിയത്. 13 വർഷമായി തുടരുന്ന ഈ സ്നേഹ ബന്ധത്തിന്റെ വിയോഗം വേദനാജനകമാണ്. ഞങ്ങൾ തമ്മിൽ ഒട്ടും അകലമില്ലാതെ ഒത്തുവസിച്ചു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. കേരള കത്തോലിക്ക സഭയിലെ രണ്ട് പാരമ്പര്യങ്ങളുടെ സഹവാസം പോലെയാണ് ഇത് അനുഭവപ്പെട്ടത്.

മരണകരമായ അസുഖവുമായി അദ്ദേഹം മല്ലിടാൻ തുടങ്ങിയിട്ട് വർഷങ്ങളായി. മരണം മുന്നിൽകാണുന്ന ഒരു വ്യക്തിയുടെ പക്വതയും പാകതയും വിജ്ഞാനവും ഞാൻ അദ്ദേഹത്തിൽ തെളിഞ്ഞുകണ്ടു. മനുഷ്യരുമായി അകലമില്ലാതെ വസിക്കുക എത്രയോ ആനന്ദപ്രദമാണ്. ഇത് ഞങ്ങൾക്ക് സാധിച്ചു. അതിന്റെ ഫലമായി രണ്ട് സഭാ സമൂഹങ്ങൾക്ക് പരസ്പരം അകലങ്ങളില്ലാതെ സഹകരിക്കാനും സഹായിക്കാനും സാധിച്ചു.

ഭാരതീയ പാരമ്പര്യങ്ങളിൽ വലിയ അവഗാഹമുള്ള വ്യക്തിയായിരുന്നു ആർച്ച് ബിഷപ് ഡോ. അച്ചാരുപറമ്പിൽ. ഞാനും കുറച്ചൊക്കെ ഈ പൈതൃകങ്ങൾ പഠിച്ചിട്ടുണ്ട്. ഭാരതത്തിന്റെ സംസ്കാര മത പാരമ്പര്യങ്ങളുമായി ഇണങ്ങിച്ചേരാനും എല്ലാവരുമായി സംഭാഷണ സാഹോദര്യം പുലർത്താനും ഞങ്ങൾ എപ്പോഴും ശ്രദ്ധിച്ചിരുന്നു. സഭകൾ തമ്മിലുള്ള വ്യത്യാസം സൗന്ദര്യമാണെന്ന് അംഗീകരിക്കാനും അഭിമാനിക്കാനും ഞങ്ങൾക്ക് കഴിഞ്ഞിരുന്നു. അതേസമയം, ഈ വ്യത്യാസങ്ങൾക്കപ്പുറം ഒരേ സ്നേഹസുവിശേഷത്തിൽ ഒന്നാകാനും ഞങ്ങൾക്ക് സാധിച്ചു. ഞങ്ങളുടെ രണ്ട് അതിരൂപതകളും ഇടകലർന്ന് വസിക്കുകയും ഇടവകകളും ജനങ്ങളും പരസ്പര സഹകരണത്തിന്റെ നല്ല അന്തരീക്ഷം കാത്തുസൂക്ഷിക്കുകയും ചെയ്തു.

ചരിത്രത്തിന്റെ ഏതോ നിയോഗം പോലെ ഞങ്ങൾ രണ്ടുപേരും സന്യാസികളുമാണ്. റിഡംപ്റ്ററിസ്റ്റ് സന്യാസികൾ നിത്യസഹായ മാതാവിന്റെ ചിത്രം കേരളത്തിൽ പ്രതിഷ്ഠിച്ചത് വരാപ്പുഴ അതിരൂപതയുടെ കത്തീഡ്രലിലാണ്. അവിടെ ഇന്നും എല്ലാ ശനിയാഴ്ചകളിലും നൊവേന നടക്കുന്നു. ദിവംഗതനായ അച്ചാരുപറമ്പിൽ പിതാവിനെ അനുസ്മരിക്കുമ്പോൾ ഒരു കാര്യം മാത്രമേ എനിക്കു പറയാനുള്ളൂ. ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവഹിച്ച ദാസനായിരുന്നു അദ്ദേഹം. ഇരുപത്തിനാലു വർഷത്തോളം അധ്യാപകനായിരുന്ന

പിതാവ് ആറ് യൂണിവേഴ്സിറ്റികളിൽ ഏതാണ്ട് 125 രാജ്യങ്ങളിലെ വിദ്യാർഥികളെ പഠിപ്പിച്ചിട്ടുണ്ട്. പിന്നീട് അക്കാദമിക ജീവിതം വെടിഞ്ഞ് ആർച്ച്ബിഷപ്പായ അദ്ദേഹം സാധാരണ ജനങ്ങൾക്കായി സ്വയം സമർപ്പിച്ചു.
ജീവിതം സ്നേഹത്തിന്റെ ആവർത്തനമാക്കുന്നവരാണ് ഭാഗ്യവാൻമാർ. അത് നിത്യകാലത്തേക്ക് ആഘോഷിക്കാൻ അദ്ദേഹം വിളിക്കപ്പെട്ടിരിക്കുന്നു. സ്വർഗത്തിൽ സ്നേഹത്തിന്റെ തീരമണഞ്ഞ വന്ദ്യപിതാവിന് ആദരാഞ്ജലികൾ.